©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 8 / Vol. VIII

തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday

2019 ഒക്ടോബർ 29 / 29th October 2019
1195 തുലാം 12 / 12th Thulam 1195
1941 കാർത്തികം 7 / 7th Karthika 1941

നമ്പർ / No. 43

# PART III

# Public Works Department

### പുനർ ദർഘാസ്/പുനർ ലേല പരസ്യം

നമ്പർ ഇ1-187/2017. 2019 സെപ്റ്റംബർ 30.

കേരള പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ട പരപ്പനങ്ങാടി സെക്ഷനു കീഴിൽ വരുന്ന നാടുകാണി പരപ്പനങ്ങാടി റോഡിൽ കി.മി. 84/00 മുതൽ 104/700 വരെ നിൽക്കുന്ന പലജാതി മരങ്ങൾ (62 എണ്ണം) ചീഫ് എഞ്ചിനീയറുടെ 19-2-2019-ലെ സി. ഇ./ആർ & ബി/എം.എൻ.ജെ./8888/2018-ാം നമ്പർ അനുമതി പ്രകാരം മുറിച്ചു നീക്കുന്നതിനുള്ള അവകാശം 30-10-2019-ാം തീയതി രാവിലെ 11 മണിക്ക് പരപ്പനങ്ങാടി റോഡ്സ് സെക്ഷൻ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് മുമ്പ് ₹ 15,000 നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

സീൽഡ് കവറിലുള്ള ക്വട്ടേഷൻ 29-10-2019 വൈകിട്ട് 5 മണി വരെ തിരൂർ റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

ലേലം വിളിച്ചെടുത്തയാൾ ലേല സംഖ്യയും നിയമാനുസൃതമായ ആദായ നികുതി, ജി.എസ്.ടി. വനവികസനനികുതി എന്നിവ ഉൾപ്പെടെയുള്ള സംഖ്യ അപ്പോൾ തന്നെ അടവാക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. ലേലം ഉറപ്പിക്കുന്നയാൾ പാൻകാർഡിന്റെ ഫോട്ടോകോപ്പി നൽകേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ഈ ലേലത്തെ സംബന്ധിച്ച് അന്തിമ തീരുമാനം മഞ്ചേരി റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾക്ക് തിരൂർ റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, പൊതുമരാമത്ത് വകുപ്പ്
നിരത്തുകൾ വിഭാഗം,
മഞ്ചേരി, മലപ്പുറം ജില്ല.
ഇ-മെയിൽ-eerbmpm.pwd.@kerala.gov.in
ഫോൺ : 0483-2766121.

(ഒപ്പ്)
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.